ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** പ്രധാനവാർത്തകൾ **DATE: 25.12.2024**

RNU TVPM

1. മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയുടെ നൂറാം ജന്മവാർഷിക ദിനത്തിൽ ഡൽഹിയിലെ സദൈവ് അടൽ സ്മാരകത്തിൽ രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി തുടങ്ങിയവർ പുഷ്പാർച്ചന നടത്തി.

2. ക്രിസ്തുമസിനെ വരവേറ്റ് ലോകം; സംസ്ഥാനത്തെ ദേവാലയങ്ങളിൽ നടന്ന തിരുപ്പിറവി ആഘോഷ ചടങ്ങുകളിൽ പങ്കു കൊണ്ട് വിശ്വാസികൾ; തിരുവനന്തപുരത്ത് വസന്തോത്സവത്തിന് ഇന്ന് തുടക്കം.

3. അയ്യപ്പ വിഗ്രഹത്തിൽ ചാർത്താനുള്ള തങ്ക അങ്കിയുമായുള്ള ഘോഷയാത്ര നിലയ്ക്കൽ പിന്നിട്ടു; ശബരിമലയിൽ ഇന്നു വൈകിട്ട് തങ്ക അങ്കിചാർത്തി ദീപാരാധന. മണ്ഡല പൂജ നാളെ.

4. പത്താം ക്ലാസ് ക്രിസ്തുമസ് പരീക്ഷാ ചോദ്യപേപ്പർ ചോർച്ചയിൽ MS സൊല്യൂഷൻസ് സിഇഒ ക്കായി ലുക്ക് ഔട്ട് നോട്ടീസ് പുറത്തിറക്കി പോലീസ്.

5. സന്തോഷ് ട്രോഫി ഫുട്ബോൾ ക്വാർട്ടറിൽ കേരളം മറ്റന്നാൾ ജമ്മു കാശ്മീരിനെ നേരിടും.

## ഹെഡ്‌ലൈൻ-1

## സദൈവ് അടൽ സ്മാരകം

മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയുടെ നൂറാം ജന്മവാർഷിക ദിനത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിയവർ ഡൽഹിയിലെ സദൈവ് അടൽ സ്മാരകത്തിൽ പുഷ്പാർച്ചന നടത്തി. മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദ്, ലോക്സഭാ സ്പീക്കർ ഓം ബിർള, കേന്ദ്ര മന്ത്രിമാർ തുടങ്ങിയവരും വാജ്പേയിക്ക് ആദരാഞ്ജലികൾ അർപ്പിച്ചു.

***************************

## ഹെഡ്‌ലൈൻ-2

## ക്രിസ്തുമസ്-ആശംസകൾ

RNU TVPM

ക്രിസ്തുമസിനെ ആഘോഷപൂർവ്വം വരവേറ്റ് ലോകം. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്രമോദി, മുഖ്യമന്ത്രി പിണറായി വിജയൻ തുടങ്ങിയവർ ക്രിസ്തുമസ് ആശംസകൾ നേർന്നു. യേശുക്രിസ്തു മുന്നോട്ടു വച്ച സ്നേഹത്തിന്റെയും ഐക്യത്തിന്റെയും സന്ദേശം ജീവിതത്തിൽ ഉൾക്കൊള്ളണമെന്ന് രാഷ്ട്രപതി പറഞ്ഞു. പ്രത്യാശയുടെയും അനുകമ്പയുടെയും ഐക്യദാർഢ്യത്തിൻറെയും സാർവത്രിക സന്ദേശമാണ് ക്രിസ്തുമസ് നൽകുന്നതെന്ന് ഉപരാഷ്ട്രപതി അഭിപ്രായപ്പെട്ടു. ക്രിസ്തു പകർന്നു തന്ന പാഠങ്ങൾ എല്ലാവരെയും സമാധാനത്തിന്റെയും സമൃദ്ധിയുടെയും പാതയിലൂടെ നയിക്കട്ടെയെന്ന് പ്രധാനമന്ത്രി ആശംസിച്ചു. ശാന്തിയുടെയും സ്നേഹത്തിന്റെയും ക്രിസ്തുമസ് സന്ദേശം ഉയർത്തിപ്പിടിക്കണമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

***************************

ഹെഡ്‌ലൈൻ-2എ

**തിരുവനന്തപുരം - ക്രിസ്തുമസ് (ഇൻട്രോ)**

ക്രിസ്തുമസ് ആഘോഷ നിറവിൽ സംസ്ഥാനവും. ദേവാലയങ്ങളിൽ നടന്ന തിരുപ്പിറവി ആഘോഷ ചടങ്ങുകളിൽ നിരവധി വിശ്വാസികൾ പങ്കെടുത്തു. തിരുവനന്തപുരത്ത് പട്ടം സെന്റ് മേരീസ് കത്തീഡ്രൽ, പാളയം സെൻറ് ജോസഫ് കത്തീഡ്രൽ, വെട്ടുകാട് മാദ്രെ ദെ ദേവൂസ് ദേവാലയം തുടങ്ങിയ ഇടങ്ങളിൽ പാതിരാ കുർബാനയും പ്രത്യേക പ്രാർത്ഥനകളും നടന്നു. തിരുവനന്തപുരത്തെ ക്രിസ്മസ് ആഘോഷങ്ങളുടെ **വിശദാംശങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി രെജു കോലിയക്കോട്......**

**(വോയിസ്)**

RNU TVPM

***************************

**പാണക്കാട് സാദിഖലിതങ്ങൾ - ക്രിസ്തുമസ്**

മുസ്ലിം ലീഗ് സംസ്ഥാന അധ്യക്ഷൻ പാണക്കാട് സാദിഖലി തങ്ങൾ, കോഴിക്കോട് ബിഷപ്പ് വർഗീസ് ചക്കാലക്കലിനെ സന്ദർശിച്ച് ക്രിസ്തുമസ് ആശംസകൾ നേർന്നു. പരസ്പരം അംഗീകരിച്ചും സ്നേഹം പങ്കുവച്ചും ഒരുമിച്ച് മുന്നേറണമെന്ന് കൂടിക്കാഴ്ചയ്ക്ക് ശേഷം ബിഷപ്പ് മാധ്യമങ്ങളോട് പറഞ്ഞു. സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ആശയങ്ങളിലൂടെ മാനവികത ആഘോഷിക്കാമെന്ന് സാദിഖലി തങ്ങൾ പ്രതികരിച്ചു.

***************************

**ഐ.എസ്.എസ് ക്രിസ്തുമസ്**

അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ ക്രിസ്തുമസ് ആഘോഷിച്ച് സുനിതാ വില്യംസ് ഉൾപ്പെടെയുള്ള ബഹിരാകാശ സഞ്ചാരികൾ. നാസ പുറത്തുവിട്ട

അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ നിന്നുമുള്ള വീഡിയോ സന്ദേശത്തിൽ സംഘം ഭൂമിയിലുള്ളവർക്ക് ക്രിസ്തുമസ് ആശംസകൾ നേർന്നു. എട്ടു ദിവസത്തെ ദൗത്യത്തിനായി നിലയത്തിലെത്തിയ സുനിത വില്യംസ് സാങ്കേതിക പ്രശ്നങ്ങളെത്തുടർന്ന് തിരിച്ചുവരാനാകാതെ ആറു മാസത്തോളമായി നിലയത്തിൽ തുടരുകയാണ്.

****************************

ക്രിസ്തുമസ്-കെ എസ് ആർ ടി സി (ഇൻട്രോ)

ക്രിസ്തുമസ് ആയാലും ഓണം ആയാലും കോഴഞ്ചേരിക്കാർക്ക് തങ്ങളുടെ സ്വന്തം കെ.എസ്.ആർ.ടി.സി ബസും ജീവനക്കാരും ഇല്ലാതൊരു ആഘോഷമില്ല. 50 വർഷത്തിലേറെയായി തിരുവനന്തപുരം - കോഴഞ്ചേരി - കൊല്ലം റൂട്ടിലോടുന്ന ബസിനെയാണ് നാട്ടുകാർ സ്നേഹ ചരടിൽ ഒപ്പം കൂട്ടിയിരിക്കുന്നത്.

**ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ തയ്യാറാക്കിയ റിപ്പോർട്ട്....**

(വോയിസ്)

RNUTVPM

****************************

മെട്രോ സർവ്വീസ്

ക്രിസ്തുമസ്, പുതുവത്സരാഘോഷം കണക്കിലെടുത്ത് കൊച്ചി മെട്രോ ട്രെയിൻ കൂടുതൽ സർവ്വീസുകൾ നടത്തും. ജനുവരി 4 വരെ വൈകുന്നേരങ്ങളിലെ തിരക്കേറിയ സമയത്ത് 10 അധിക സർവീസുകൾ നടത്തുമെന്നാണ് വിവരം. പുതുവത്സരദിനത്തിൽ പുലർച്ചെ വരെ സർവീസുണ്ടാകും.

****************************

### ഹെഡ്‌ലൈൻ-3

## ശബരിമല

ശബരിമല സന്നിധാനത്തേക്കുള്ള തങ്ക അങ്കി ഘോഷയാത്ര നിലയ്ക്കൽ പിന്നിട്ടു. അയ്യപ്പ വിഗ്രഹത്തിൽ തങ്ക അങ്കിചാർത്തി ഇന്നു വൈകിട്ട് ദീപാരാധന നടക്കും. നാളെയാണ് മണ്ഡല പൂജ. മണ്ഡലകാലം പൂർത്തിയാക്കി നാളെ രാത്രി അടയ്ക്കുന്ന ക്ഷേത്ര നട മകരവിളക്ക് ഉത്സവത്തിനായി ഈമാസം 30 നു തുറക്കും. തിരക്ക് കണക്കിലെടുത്ത് പമ്പയിൽ നിന്നു സന്നിധാനത്തേക്ക് തീർഥാടകർക്ക് നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ട്.

***************************

### ഹെഡ്‌ലൈൻ-4

## ചോദ്യപേപ്പർ ചോർച്ച

പത്താം ക്ലാസ് ക്രിസ്തുമസ് പരീക്ഷാ ചോദ്യപേപ്പർ ചോർച്ചയിൽ എം എസ് സൊല്യൂഷൻസ് CEO എം. ഷുഹൈബിനായി പോലീസ് ലുക്ക് ഔട്ട് നോട്ടീസ് പുറത്തിറക്കി. ചോദ്യം ചെയ്യലിന് ഹാജരാകാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ഷുഹൈബ് ഇന്നലെയും ഹാജരായിരുന്നില്ല. ക്രൈംബ്രാഞ്ചാണ് കേസ് അന്വേഷിക്കുന്നത്.

RNU TVPM

***************************

## കേരള-ഗവർണർ

അഞ്ച് സംസ്ഥാനങ്ങളിൽ പുതിയ ഗവർണർമാരെ നിയമിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു. ബിഹാർ ഗവർണറായിരുന്ന രാജേന്ദ്ര വിശ്വനാഥ് അർലേകർ കേരള ഗവർണറാകും. ആരിഫ് മുഹമ്മദ് ഖാൻ ബിഹാർ ഗവർണർ ആകും.

***************************

**മുഖ്യമന്ത്രി - കണ്ണൂർ**

കണ്ണൂർ നഗരത്തോട് ചേർന്നൊഴുകുന്ന കാനാമ്പുഴയുടെ പുനരുജ്ജീവനപദ്ധതിയുടെ ഒന്നാം ഘട്ട ഉദ്ഘാടനം നാളെ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. 6 കോടി 40 ലക്ഷം രൂപ ചെലവഴിച്ചാണ് പദ്ധതി നടപ്പാക്കിയത്.

***************************

**സ്മാർട്ട് അങ്കണവാടി - മുഖ്യമന്ത്രി**

സംസ്ഥാനത്ത് പ്രവർത്തസജ്ജമായ 30 സ്മാർട്ട് അങ്കണവാടികളുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ കണ്ണൂർ- മട്ടന്നൂരിൽ നാളെ നിർവഹിക്കും. ചടങ്ങിൽ മന്ത്രി വീണാ ജോർജ് അധ്യക്ഷയാകും. നിർമാണാനുമതി ലഭിച്ച 189 സ്മാർട്ട് അങ്കണവാടികളിൽ 117 എണ്ണമാണ് യാഥാർത്ഥ്യമായത്.

***************************

**മൂന്നാർ ടൂറിസം (ഇൻട്രോ)**

RNU TVPM

ശൈത്യകാലമാരംഭിച്ചതോടെ മൂന്നാറിലേക്കെത്തുന്ന സഞ്ചാരികളുടെ എണ്ണത്തിൽ വർധന. വരാൻ പോകുന്ന പുതുവത്സര ആഘോഷങ്ങൾ ഉൾപ്പടെ മൂന്നാറിന്റെ ടൂറിസം മേഖലയ്ക്ക് ഉണർവേകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...**

(വോയിസ്)

***************************

ഹെഡ്‌ലൈൻ-5

**സന്തോഷ് ട്രോഫി**

വെള്ളിയാഴ്ച നടക്കുന്ന സന്തോഷ് ട്രോഫി ഫുട്ബോൾ ക്വാർട്ടറിൽ കേരളം ജമ്മു കാശ്മീരിനെ നേരിടും. ഇന്നലെ ഗ്രൂപ്പ് ബിയിലെ അവസാന മത്സരത്തിൽ കേരള - തമിഴ്നാട് പോരാട്ടം സമനിലയിൽ കലാശിച്ചു.

***************************

ക്രിക്കറ്റ്

വെസ്റ്റിൻഡിസിനെതിരായ ഏകദിന ക്രിക്കറ്റ് പരമ്പര ഇന്ത്യയ്ക്ക്. ഇന്നലെ വഡോദരയിൽ നടന്ന മത്സരത്തിൽ വെസ്റ്റിൻഡീസിനെതിരെ 115 റൺസിന്റെ ജയത്തോടെ ഇന്ത്യ മൂന്ന് മത്സര പരമ്പര 2-0 ത്തിന് സ്വന്തമാക്കുകയായിരുന്നു. പരമ്പരയിലെ അവസാന മത്സരം ഈ മാസം 27 ന് നടക്കും.

***************************

**ആലപ്പുഴ ചിറപ്പു ഉത്സവം (ഇൻട്രോ)**

ചിറപ്പുത്സവ ലഹരിയിൽ ആലപ്പുഴ നഗരം. പുതുവത്സര ആഘോഷത്തിന് മുന്നോടിയായുള്ള ആലപ്പുഴക്കാരുടെ ആഘോഷമായ ചിറപ്പുത്സവത്തോട് അനുബന്ധിച്ച് നഗരത്തിൽ വലിയ തിരക്കാണ് അനുഭവപ്പെടുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവി കുമാർ.....**

**(വോയിസ്)**

***************************

എം ടി - ആരോഗ്യനില

കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ ചികിൽസയിൽ കഴിയുന്ന എഴുത്തുകാരൻ എംടി വാസുദേവൻ നായരുടെ ആരോഗ്യസ്ഥിതിയിൽ നേരിയ പുരോഗതിയെന്ന്

ആശുപത്രി അധികൃതർ. ആരോഗ്യ പ്രവർത്തകരുടെ ആശയ വിനിമയങ്ങളോട് എംടി പ്രതികരിക്കുന്നുണ്ടെന്നാണ് വിവരം.

***************************

**മുനമ്പം**

മുനമ്പം വിഷയത്തിൽ ശാശ്വത പരിഹാരം വേണമെന്നും ഭൂമിയിലെ റവന്യൂ അവകാശം പുനസ്ഥാപിക്കണമെന്നും ആവശ്യപ്പെട്ട് സമരക്കാർ നിരാഹാരം അനുഷ്ഠിച്ചു. അതിനിടെ, പ്രതിപക്ഷ നേതാവ് വി ഡി സതീശനും യുഡിഎഫ് നേതാക്കളും ഇന്ന് ഉച്ച കഴിഞ്ഞ് മുനമ്പം സമരക്കാരെ സന്ദർശിക്കും.

***************************

**എൻ.സി.സി ക്യാമ്പ് - ഭക്ഷ്യവിഷബാധ**

എറണാകുളം തൃക്കാക്കരയിലെ എൻ.സി.സി. ക്യാമ്പിൽ കേഡറ്റുകൾക്കുണ്ടായ ശാരീരികാസ്വാസ്ഥ്യം സംബന്ധിച്ച് എൻസിസി ഗ്രൂപ്പ് കമാൻഡർ ബ്രിഗേഡിയർ ജി. സുരേഷിന്റെ നേതൃത്വത്തിലുള്ള സമിതി അന്വേഷിക്കും. ക്യാമ്പ് നാളെ പുനരാരംഭിക്കും എന്ന് ഒഫീഷ്യേറ്റിംഗ് അഡീഷണൽ ഡയറക്ടർ ജനറൽ - എൻസിസി അറിയിച്ചു.

*

**************

***************************************